# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.357 27-02-2018 ലെ മറുപടിക്ക്

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കെ.എസ്.ശബരീനാഥൻ | ഡോ.ടി.എം.തോമസ് ഐസക്<br>ബഹു.ധനകാര്യവും കയറും വകുപ്പു മന്ത്രി |

### സംസ്ഥാനത്തിന്റെ ധനകമ്മി

| | | |
|---|---|---|
| (എ) | 2015-16 സാമ്പത്തിക വർഷത്തെ അപേക്ഷിച്ച് 2016-17-ലെ ധനകമ്മി എത്ര ശതമാനം വർദ്ധിച്ചുവെന്ന് അറിയിക്കുമോ; | 2015-16 സാമ്പത്തിക വർഷത്തെ ധനകമ്മി സംസ്ഥാനത്തിന്റെ മൊത്തം ആഭ്യന്തര ഉൽപ്പാദനത്തിന്റെ 3.18% ആയിരുന്നു. എന്നാൽ 2016-17 സാമ്പത്തിക വർഷത്തിൽ ഇത് 4.28% ആയി മാറിയിട്ടുണ്ട്. |
| (ബി) | പ്രസ്തുത കാലയളവിൽ ധനകമ്മിയിൽ ഉണ്ടായിരിക്കുന്ന ക്രമാതീതമായ വളർച്ച സാമ്പത്തിക അച്ചടക്കമില്ലായ്മയുടെ സൂചനയാണോയെന്ന് പരിശോധിച്ചിട്ടുണ്ടോ; | പത്താം ശമ്പള പരിഷ്കരണം നടപ്പിൽ വരുത്തിയതു മൂലമുണ്ടായ അധികബാദ്ധ്യതയും, സാമൂഹ്യക്ഷേമ പെൻഷനുകൾ കുടിശ്ശിക ഉൾപ്പെടെ വിതരണം ചെയ്തതും, 14-ാം കേന്ദ്ര ധനകാര്യ കമ്മീഷൻ ശിപാർശ പ്രകാരം റവന്യൂ കമ്മി നികത്താൻ നിശ്ചയിക്കപ്പെട്ട കേന്ദ്ര ധനസഹായത്തിൽ മുൻ വർഷത്തെ അപേക്ഷിച്ച് ഉണ്ടായ കുറവും, സാമ്പത്തികമാന്ദ്യം കാരണം നികുതി വരുമാനത്തിലുണ്ടായ കുറവുമാണ് ധനകമ്മി കൂടാനുണ്ടായ പ്രധാനപ്പെട്ട കാരണങ്ങളായി വിലയിരുത്തപ്പെടുന്നത്. |
| (സി) | 2017-18 സാമ്പത്തിക വർഷത്തിൽ ഇതുവരെ ധനകമ്മി എത്രയാണെന്ന് വ്യക്തമാക്കുമോ? | അക്കൗണ്ടന്റ് ജനറലിന്റെ പ്രാഥമിക കണക്കുകൾ പ്രകാരം 2018 ജനുവരി മാസം വരെയുള്ള ധനകമ്മി 23717.22 കോടി രൂപയാണ്. |

സെക്ഷൻ ഓഫീസർ